# INDIAN SCHOOL SOHAR

No. of printed pages : 6
SET 2

## PRE-BOARD I EXAMINATION 2023-2024
## MALAYALAM (012)

**CLASS : X** **MAX. MARK : 80**
**DATE : 13/01/2024** **TIME 3 HRS**

---

## General Instructions

**Section A** : Reading Comprehension (VSAQ)
: Vocabulary Building & prose & poetry. (M.C. Q.} : 40 Marks

**Section B** : Grammar, Composition
: Literature (Prose, Poetry & Supplementary) : 40 Marks

---

### എ വിഭാഗം / Section A

**1. താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ശരിയുത്തരം എഴുതുക ( ഓരോന്നിനും 1 മാർക്കു വീതം)**

കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. രാമനാട്ടകർത്താവായ കൊട്ടാരക്കര തമ്പുരാനെയാണ് ആട്ടക്കഥാ സാഹിത്യത്തിന്റെ ഉപജ്ഞാതാവായി കണക്കാക്കുന്നത്. വടക്കൻ ദിക്കുകളിൽ പ്രചാരത്തിലിരുന്ന അഷ്ടപദിയാട്ടത്തിന്റെയും അതിന്റെ ചുവടുപിടിച്ചു സൃഷ്ടിക്കപ്പെട്ട കൃഷ്ണനാട്ടത്തിന്റെയും രീതിയിലാണ് തമ്പുരാൻ രാമനാട്ടം രചിച്ചത്. അതാണ് പിൽക്കാലത്തു കഥകളിയായിപ്പരിണമിച്ചത്. കഥകളിവേഷത്തെ പരിഷ്ക്കരിച്ചത് വെട്ടത്തു രാജാവായിരുന്നു. പദങ്ങൾ, ദണ്ഡകങ്ങൾ, ശ്ലോകങ്ങൾ തുടങ്ങിയ രചനാ സമ്പ്രദായം ആട്ടക്കഥയെ മറ്റു കൃതികളിൽ നിന്നും വ്യത്യസ്തമാക്കുന്നു. ആട്ടക്കഥകളിൽ ശ്ലോകങ്ങൾ മിക്കപ്പോഴും കവിവാക്യവും പദങ്ങൾ കഥാപാത്രവാക്യങ്ങളുമാണ്. ഒരു ദൃശ്യകഥാപ്രസ്ഥാനമെന്ന രീതിയിൽ കോഴിക്കോട് മാനവേദന്റെ കൃഷ്ണനാട്ടമാണോ കൊട്ടാരക്കര രാജാവിന്റെ രാമനാട്ടമാണോ ആദ്യം ആവിർഭവിച്ചതെന്ന തർക്കത്തിന്റെ ഫലം എങ്ങനെയായിരുന്നാലും ആദ്യത്തെ ആട്ടക്കഥ കൊട്ടാരക്കര രാജാവിന്റെ രാമനാട്ടമാണ് എന്നത് നിർവിവാദമാണ്. ആട്ടക്കഥ എന്ന പ്രസ്ഥാനം ഉദ്ഘാടനം ചെയ്തു എന്ന ബഹുമതി കൊട്ടാരക്കര രാജാവിനാണെങ്കിലും അതിനെ ഒരു പ്രസ്ഥാനമാക്കി വളർത്തിയെടുത്തതു കോട്ടയത്തു തമ്പുരാനാണ്. കലാഭിവൃദ്ധിക്ക് അതനുസരിച്ച് പ്രവർത്തിച്ച ഒരു മഹാരാജാവാണ് തിരുവിതാംകൂറിലെ കാർത്തിക തിരുനാൾ രാമവർമ. ഇദ്ദേഹത്തിന്റെ ഭാഗിനേയനായ അശ്വതി തിരുനാൾ രാമവർമ്മയും കഥകളി പ്രസ്ഥാനത്തിന് സാരമായ സംഭാവനകൾ ചെയ്തിട്ടുണ്ട്. കഥകളിക്കുവേണ്ടി രചിക്കപ്പെട്ട കാവ്യമാണ് ആട്ടക്കഥ. നാട്യം, നൃത്തം, നൃത്യം എന്നിവയെ ആംഗികമെന്ന അഭിനയോപാധിയിലൂടെ സമന്വയിപ്പിച്ചവതരിപ്പിക്കുകയാണ് കഥകളിയിൽ. ചുരുക്കിപ്പറഞ്ഞാൽ ആംഗികമാണു കഥകളിയുടെ മർമ്മം. നൃത്തം, നാട്യം, നൃത്യം, ഗീതം, വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമഞ്ജസസമ്മേളനമാണ് കഥകളി. സാഹിത്യമൊരു പ്രധാന വിഭാഗമാണെങ്കിലും ഇതു ഗീതത്തിന്റെ ഉപവിഭാഗമാകുന്നു.

**ചോദ്യങ്ങൾ** (1 x 8 = 8 Marks)

1. കഥകളിയുടെ സാഹിത്യ രൂപമേത്?
2. ആട്ടക്കഥാസാഹിത്യത്തിന്റെ ഉപജ്ഞാതാവാര്?
3. കൃഷ്ണനാട്ടത്തിന്റെ സൃഷ്ടിക്ക് കാരണമായ കലാരൂപമേത്?
4. ആദ്യത്തെ ആട്ടക്കഥയേത്?
5. ആട്ടക്കഥയെ ഒരു പ്രസ്ഥാനമാക്കി വളർത്തിയതാര്?
6. ഗീതത്തിന്റെ ഉപവിഭാഗമായി വരുന്നതെന്ത്?
7. ആട്ടക്കഥയിലെ കഥാപാത്രവാക്യമായിവരുന്നതെന്ത്?
8. കഥകളിയുടെ മർമ്മം എന്താണ്?

**2. ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (1 x 7 = 7 Marks)

മനുഷ്യന്റെ സംസ്കാരപരമായ പുരോഗതിയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു ഭാഷയുടെ കണ്ടുപിടിത്തമാകുന്നു. ആദികാലങ്ങളിൽ മൃഗങ്ങളെപ്പോലെ മനുഷ്യനും സർവസാധാരണങ്ങളായ കാമനകൾക്കോ പ്രബലങ്ങളായ വികാരങ്ങൾക്കോ വിധേയനാകുമ്പോൾ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചിരിക്കണമെന്നുള്ളതിനു സംശയമില്ല. അത്തരം ശബ്ദങ്ങളെ പ്രത്യേകം വർണങ്ങളായി വേർതിരിച്ച് ഗ്രഹിക്കുവാനോ അതാത് സമവസ്ഥകളുടെ പ്രതിബിംബങ്ങളായി അവയെ മനസ്സുകൊണ്ട് സങ്കൽപ്പിക്കുവാനോ മനുഷ്യന് സാധിച്ചിരുന്നില്ല. മനുഷ്യന്റെ മസ്തിഷ്കം വിചിന്തനാനുകൂലമായി വികസിച്ചു കഴിഞ്ഞിട്ടില്ലാത്ത ആ പ്രാചീനകാലത്ത് ഭാഷ ശുദ്ധമോ വികാരാധിഷ്ഠിതമായിത്തീരുവാനോ ഇടയുണ്ട്. ഒന്നിച്ച് ചേർന്ന് നൃത്തം ചെയ്യുമ്പോഴുള്ള പദവിന്യാസത്തിനൊപ്പിച്ചോ കൈകൊണ്ട് എന്തെങ്കിലും ജോലി ചെയ്യുന്നതിന് അനുസൃതമായോ പ്രവർത്തനങ്ങളായ ശബ്ദങ്ങളും അതുപോലെ തന്നെ വേദന, സന്തോഷം, ഭയം, കോപം എന്നു തുടങ്ങിയ മനോവികാരങ്ങളെ പ്രകടിപ്പിക്കുന്ന തരത്തിലുള്ള ധ്വനി വിശേഷങ്ങളും ഭാഷയുടെ പ്രഥമ സോപാനമായി കരുതപ്പെടാം. കാലക്രമത്തിൽ അത്തരം ശബ്ദങ്ങൾ വേർതിരിക്കപ്പെട്ട് ഓരോ അർത്ഥത്തിൽ സാങ്കേതികങ്ങളായി ത്തീരുകയും ഒരു വ്യക്തിയെന്നപോലെ പല വ്യക്തികളും അവയെ പ്രയോഗിക്കുവാൻ ഇടവരികയും ചെയ്തതിന്റെ ഫലമായിരിക്കണം ഭാഷ. ഏറിയൊരു കാലം വിശ്വസിക്കപ്പെട്ടുപോന്നത് മനുഷ്യൻ ഓരോരോ വസ്തുക്കൾക്കും കരുതിക്കൂട്ടി പ്രത്യേകം പേർ സൃഷ്ടിച്ച ഭാഷാരൂപത്തിലുള്ള വ്യവഹാരം സാധിത പ്രായമാക്കി എന്നാണ്. ഇന്നാകട്ടെ അങ്ങനെ ഒരഭിപ്രായം കേവലം വിനോദാവഹമായിരിക്കുകയേയുള്ളു.

**ചോദ്യങ്ങൾ**

1. മനുഷ്യപുരോഗതിയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നമെന്ത്?
2. ആദികാലങ്ങളിൽ മനുഷ്യൻ കഴിഞ്ഞിരുന്നതെങ്ങനെ?
3. നിറം എന്ന അർത്ഥത്തിൽ ഖണ്ഡികയിൽ ഉപയോഗിച്ചിരിക്കുന്ന പദമേത്?
4. ഭാഷയുടെ പ്രഥമസോപാനങ്ങൾ ഏതെല്ലാം?
5. എന്താണ് ഭാഷ?
6. ഭാഷ ശുദ്ധമോ വികാരാധിഷ്ഠിതമോ ആകുന്നതെപ്പോൾ?
7. ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നിർദ്ദേശിക്കുക.

**3. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുക്കുക.**

(1 x 7 = 7 Marks)

a. മരവുരി എന്ന പദത്തിന്റെ സമാനപദമേത്?

a. മരത്തൊലി b. ചീരം c. ഉടയാട d. മരുന്ന്

b. ഇന്ദ്രൻ ഈ പദത്തിന്റെ എതിർലിംഗം?

a. ഇന്ദ്രി b. ഇന്ദ്ര c. ഇന്ദ്രാണി d. ഇന്ദ്രാധി

c. ആമ്രേഡിതം - പദത്തിന്റെ ശരിയായ അർത്ഥമേത്?

a. ശബ്ദം b.തുടക്കം c. ഗംഭീരം d. ആവർത്തിച്ചുപറയൽ

d. കപോതം - കപാലം ഇവയുടെ ശരിയ അർത്ഥവ്യത്യാസം?

a. പ്രാവ് - കവിൾ b. കവിൾ - തലയോട്ടി

c. തലയോട്ടി - കവിൾ d. പ്രാവ് - തലയോട്ടി)

e. മധുരോദാരം - ശരിയായ വിഗ്രഹരൂപമേത്?

a. മധുരമായഉദാരം b. മധുരവും ഉദാരവും

c. മധുരത്തിന്റെ ഉദാരം d. മധുരമുള്ള ഉദാരം

f. കാഞ്ചനം - ഇതിന്റെ അർത്ഥമല്ലാത്തത്?

a. ഹിമം b. കനകം c. സ്വർണം d. ഹേമം

g. തന്നിരിക്കുന്നതിൽ ശരിയായ പദമേത്?

a. ദൃഷ്ടദ്യുമ്തൻ b. ധൃഷ്ടദ്യുമ്നൻ c. ധൃഷ്ഠദ്യുമ്നൻ d. ദൃഷ്ഠദ്യുമ്നൻ

h. കുറ്റമറ്റ എന്നതിന്റെ ശരിയായ പിരിച്ചെഴുത്ത്?

a. കുറ്റ + അറ്റ b.കുറ്റം + മറ്റ c.കുറ്റ + മറ്റ d. കുറ്റം + അറ്റ

i. ആമയം എന്ന പദത്തിന്റെ വിപരീതപദം

a. അനാമയം b. മയം c. നിർമയം d. നിരാമയം

j. **നാരം** എന്ന പദത്തിന്റെ ശരിയായ അർത്ഥം?

a. സമയം b. ജലം c. നക്ഷത്രം d. പെട്ടെന്ന്

**4. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുക്കുക. ഓരോന്നിനും രണ്ട് മാർക്ക് വീതം.** (9 X 2 = 18)

a. 'ഏറെത്തണുക്കുന്നു

ചില്ലുയർത്തീടുമ്പോളോർത്തു' -

i. ആരെയാണ് ഓർത്തത്?

a. ഭാര്യയെ b. അമ്മയെ c. സുഹൃത്തിനെ d. ബന്ധുവിനെ

ii. ആരാണ് ഓർത്തത്?

a. അമ്മ b. മകൻ c. ഭാര്യ d. ബന്ധു

b. 'വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ് '

i. ഇത് പറഞ്ഞതാര്?

a. കണ്ടുണ്ണി b. വെള്ളായിയപ്പൻ c. കുട്യസൻ മാപ്പിള d. നീലി

ii. ആരോടാണ് പറയുന്നത്?

a. വെള്ളായിയോട് b. മരയ്ക്കാരോട് c. മകനോട് d. നീലിയോട്

c. 'ആർപ്പുവിളിക്കുവിൻ' **-**

i. ആരോടാണ് ആർപ്പുവിളിക്കാൻ കവി ആവശ്യപ്പെടുന്നത്?

a. ഉണ്ണികളോട് b. അരുവികളോട് c. കന്യകളോട് d. പുള്ളുവനോട്

ii. ഏത് പാഠഭാഗത്തിലേതാണ് വരികൾ ?

a. അമ്മത്തൊട്ടിൽ b. ഓണമുറ്റത്ത് c. പ്രിയദർശനം d. പണയം

d. ‘ഗുരുഘ്നാതികൾക്ക് കുല പാംസനലോകങ്ങളില്ല ’

   i. ആരാണിത് പറയുന്നത്?

      a. കൃഷ്ണൻ  b. അശ്വത്ഥാമാവ്  c. സാത്യകി  d. ഭീമൻ

   ii. പാഠഭാഗം ഉൾപ്പെട്ട കൃതിയേത്?

      a. യുദ്ധത്തിന്റെ പരിണാമം  b. ഭാരതപര്യടനം,

      c. കലജീവിതം തന്നെ  d. ദന്തഗോപുരം

e. ‘ആകാശഗോപുരങ്ങൾക്ക് താഴെ നാളേയ്ക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു ’

   i. ഉറങ്ങാൻ ശ്രമിക്കുന്നതാര്?

      a. തെരുവീഥി  b. തെരുവുനായ  c. ഈശ്വരൻ  d. അമ്മ

   ii. ആകാശഗോപുരം - വിഗ്രഹിക്കുമ്പോൾ

      a. ആകാശമാകുന്ന ഗോപുരം  b. ആകാശത്തിന്റെ ഗോപുരം

      c. ആകാശമായ ഗോപുരം,  d. ആകാശത്തിലെ ഗോപുരം

f. ‘ഇന്ന് മംഗളത്തിന് പാളയത്തിന് പുറത്ത് പാർക്കാം ’

   i. ഇത് പറഞ്ഞതാര്?

      a. ഭീമൻ  b. കൃഷ്ണൻ  c. ദ്രൗണി  d. ദുര്യോധനൻ

   ii. എവിടെയാണവർ കഴിഞ്ഞത് ?

      a. ഭാഗീരഥീതീരം  b. ഓഘവതീതീരം  c. പാളയം  d. ശിബിരദ്വാരം

g. ‘ഇവരറിയുന്നീലെന്നഭിമാനം ’

   i. ഇത് പറഞ്ഞതാര്?

      a. മഹാബലി  b. പുള്ളുവൻ  c. ഗ്രാമപ്പെൺകൊടികൾ  d. കൃഷിക്കാർ

   ii. എന്താണ് അഭിമാനം?

      a. മഹാബലിയ്ക്കൊപ്പം ഇരിക്കുന്നത്  b. പുഞ്ചകൾ കൊയ്യുന്നത്

      c. പുള്ളുവനായത്  d. ഓണസ്സദ്യകഴിക്കുന്നത്

h. i. ഒ.വി. വിജയന്റെ യഥാർത്ഥ നാമധേയം.

      a. ഒറ്റപ്ലാവിൽ വേലുക്കുട്ടി വിജയൻ  b. ഓട്ടുപുലാക്കൽ വേലുക്കുട്ടിവിജയൻ

      c. ഓട്ടുപുലാവിൻ വേലു വിജയൻ  d. ഒറ്റക്കമ്പിൽ വേലുക്കുട്ടി വിജയൻ

   ii. നോവൽ സാഹിത്യത്തിലെ ഇതിഹാസമായ കൃതിയേത്?

      a. കടൽത്തീരത്ത്  b. ആരാച്ചാർ  c. ഇന്ദുലേഖ  d. ഖസാക്കിന്റെ ഇതിഹാസം

i. ‘ഞാൻ എനിക്ക് വേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ് ’.

   i. ആരാണ് വെമ്പുന്നത് ?

      a. ദ്രൗണി  b. ദുര്യോധനൻ  c. ഭീമൻ  d. സഞ്ജയൻ

   ii. എവിടെവച്ചാണ് ഇത്തരത്തിൽ വിലപിക്കുന്നത്?

      a. ഓഘവതീതീരം  b. ശിബിരദ്വാരം  c. ഭാഗീരഥീകച്ഛം  d. കുരുക്ഷേത്രം

j. 'മനസ്സിലൂടപ്പോൾ കടന്നുപോയി'

i. എന്താണ് കടന്നുപോയത് ?

c. സന്തോഷം    b. സ്കൂളിലെ അനുഭവം

c. സൂചിപ്രയോഗത്തിൻ നീറ്റൽ    d. കോവിലിലെ അനുഭവം

ii. എപ്പോഴാണ് കടന്നുപോയത്?

a. തെരുവിലെത്തിയപ്പോൾ    b. രാക്കടയ്ക്കുമുന്നിൽ

c. ജില്ലാശുപത്രിയിലെത്തിയപ്പോൾ    d. വിദ്യാലയത്തിലെത്തിയപ്പോൾ)

## ബി വിഭാഗം / Section B

**5.**

a. **അംഗ – അംഗിവാക്യം വേർതിരിക്കുക** (1 X 2 = 2)

i. ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണ പരമ്പരകൾ നിരവധി അടങ്ങിയിരിക്കുന്നത് വെള്ളായിയപ്പനും കുട്ട്യസ്സൻ മാപ്പിളയും അറിഞ്ഞു.

ii. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായ ഒരു പാട്ടിനു വേണ്ടി കാതോർക്കുക പതിവായിരുന്നു.

b. **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** (1 X 2 = 2)

i. അശ്വത്ഥാമാവ് കണ്ണീരുമായി പലതും പറഞ്ഞ് കരഞ്ഞ് വിലപിച്ചു.

ii. മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരൽ പിടിച്ചുകൊണ്ട് അസ്തമയത്തിൽ പക്ഷികളെനോക്കി അത്ഭുതത്തോടെ അശ്ചര്യപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു.

c **പ്രയോഗംമാറ്റുക** (1 X 2 = 2)

i. കുമാരനാശാന്റെ വീണപൂവിനാൽ മലയാളസാഹിത്യത്തിൽ നവോത്ഥാനത്തിന് തുടക്കം കുറിയ്ക്കപ്പെട്ടു.

ii. ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വച്ച് നടന്ന യുദ്ധം തുടങ്ങുമ്പോൾ ഇരുചേരിക്കാരും തമ്മിൽ ധാരാളം കരാറുകൾ ചെയ്തു.

d. **ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** (1 X 2 = 2)

i. പരിസമാപ്തി    ii. ലംഘിക്കുക    iii. അനുശാസനം

**6.** a. **താഴെകൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക** (5)

i. നവമാധ്യമങ്ങളും വിദ്യാഭ്യാസവും.

ii. കേരളം നേരിടുന്ന സാമ്പത്തികവെല്ലുവിളികൾ.

**b.** വിലവർദ്ധനയിൽ വലയുന്ന സാധാരണക്കാരന്റെ പ്രശ്നങ്ങളെക്കുറിച്ച് ഒരു ലേഖനം പ്രസിദ്ധീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രമുഖ പത്രത്തിന്റെ പത്രാധിപകർക്ക് കത്ത് തയ്യാറാക്കുക. (5)

**c.** പത്രറിപ്പോർട്ട് തയ്യാറാക്കുക. (4 )

i. വൃക്കതകരാറിലായി ചികിത്സയിൽ കഴിയുന്ന രോഗികളുടെ തുടർചികിത്സാ ധനശേഖരണാർത്ഥം നടത്തിയ പരിപാടിയുടെ റിപ്പോർട്ട് തയ്യാറാക്കുക

7. **തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക** (3 X 2 = 6)

a. ഗദ്യഭാഷ കാവ്യാത്മകമാകുന്നതിന്റെ ഉദാഹരണങ്ങൾ പാഠഭാഗത്ത് നിന്ന് കണ്ടെത്തുക.

b. പാണ്ഡവർ നേടിയ വിജയം 'വല്ലപാടും നേടിയ വിജയം' എന്ന് ലേഖകൻ വിശേഷിപ്പിച്ചതിന്റെ ഔചിത്യമെന്ത്?

c. 'ശപിക്കപ്പെട്ടവൻ' എന്ന പേരിന് ദ്രൗണി അർഹനായത് എങ്ങനെ?

8. **തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (3 X 2 = 6)

a. 'കരിന്തിരിയാളുക' എന്ന പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക.

b. 'അമ്മത്തൊട്ടിൽ ' എന്ന കവിത ഉയർത്തുന്ന സാമൂഹ്യവിമർശനതലമെന്ത് ?

c. 'ഒരുമയുടേയും സമഭാവനയുടേയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ് ' - വർത്തമാന കാലത്ത് ഈ പ്രസ്താവന എത്രത്തോളം പ്രസക്തമാണ്?

9. **തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക** (3 X 2 = 6)

a. സാധാരണക്കാരനായ സന്യാസിയെന്ന് ചട്ടമ്പിസ്വാമിയെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട് ?

b. 'സകലകലാവല്ലഭനായിരുന്നു ചട്ടമ്പിസ്വാമികൾ' - വിവരിക്കുക

c. കുട്ടികളോടുള്ള സ്വാമികളുടെ സമീപനം എങ്ങനെയുള്ളതായിരുന്നു ?

*******